STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.163/PR/SPMC/PHQ/2025 Date:29.06.2025

## സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് തിങ്കളാഴ്ച വിരമിക്കും

ഡി.ജി.പിയും സംസ്ഥാന പോലീസ് മേധാവിയുമായ ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് തിങ്കളാഴ്ച (ജൂൺ 30) സർവീസിൽ നിന്ന് വിരമിക്കും. 2023 ജൂൺ 30 മുതൽ രണ്ട് വർഷമാണ് അദ്ദേഹം സംസ്ഥാന പോലീസ് മേധാവിയായി പ്രവർത്തിച്ചത്.

പരേതനായ മെഹബൂബ് പീര സാഹിബിന്റേയും ഗൗസുന്നീസ ബീഗത്തിന്റേയും മൂത്തമകനായി 1964 ജൂലൈ 10 നു ആന്ധ്രാപ്രദേശിലെ കഡപ്പ ജില്ലയിലാണ് ഷെയ്ഖ് ദർവേഷ് സാഹിബിന്റെ ജനനം.

ഹൈദരാബാദ് എസ് വി അഗ്രികൾച്ചർ കോളേജിൽ നിന്ന് എം.എസ്.സി പൂർത്തിയാക്കിയ അദ്ദേഹം ന്യൂഡൽഹിയിലെ ഇന്ത്യൻ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അഗ്രോണമിയിൽ പി.എച്ച്.ഡിയും ഇഗ്നോയിൽ നിന്ന് ഫിനാൻസിൽ എം.ബി.എയും പൂർത്തിയാക്കി.

1991 ബാച്ചിൽ ഇന്ത്യൻ പോലീസ് സർവീസിൽ കേരള കേഡറിൽ പ്രവേശിച്ചു. മുസോറിയിലെ ലാൽ ബഹാദൂർ ശാസ്ത്രി ഇൻസ്റ്റിറ്റ്യൂട്ടിൽ അടിസ്ഥാന പരിശീലനത്തിൽ ഏർപ്പെട്ട അദ്ദേഹം നിയമത്തിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കി. ഹൈദരാബാദ് സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാദമിയിൽ നിന്ന് ക്രിമിനോളജിയിൽ മെഡലും നേടിയാണ് പരിശീലനം പൂർത്തിയാക്കിയത്.

ഫയർ ആന്റ് റെസ്ക്യു ഡയറക്ടർ ജനറൽ സ്ഥാനത്ത് നിന്നാണ് അദ്ദേഹം സംസ്ഥാന പോലീസ് മേധാവി പദവിയിലെത്തിയത്.

കേരള കേഡറിൽ എ.എസ്.പിയായി നെടുമങ്ങാട് സർവ്വീസ് ആരംഭിച്ച അദ്ദേഹം വയനാട്, കാസർഗോഡ്, കണ്ണൂർ, പാലക്കാട്, സ്റ്റേറ്റ് സ്പെഷ്യൽ

ബ്രാഞ്ച് എന്നിവിടങ്ങളിൽ എസ്.പിയായും എം.എസ്.പി, കെ.എ.പി രണ്ടാം ബറ്റാലിയൻ എന്നിവിടങ്ങളിൽ കമാണ്ടന്റ് ആയും പ്രവർത്തിച്ചു.

ഗവർണറുടെ എ.ഡി.സിയായും ഐക്യരാഷ്ട്ര സഭയുടെ മിഷന്റെ ഭാഗമായി കൊസോവയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എസ്.പി റാങ്കിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണറായും ജോലി നോക്കി. ഹൈദരാബാദിലെ സർദാർ വല്ലഭായി പട്ടേൽ നാഷണൽ പോലീസ് അക്കാഡമിയിൽ അസിസ്റ്റന്റ് ഡയറക്ടറായും പ്രവർത്തിച്ചു.

ഡി.ഐ.ജി റാങ്കിൽ ഹൈദരാബാദിലെ സർദാർ വല്ലഭായി പട്ടേൽ നാഷണൽ പോലീസ് അക്കാദമിയിൽ ഡെപ്യൂട്ടി ഡയറക്ടറുമായിരുന്നു.

സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ സെക്യൂരിറ്റി വിഭാഗം, പോലീസ് ആസ്ഥാനം, തിരുവനന്തപുരം റെയ്ഞ്ച്, തൃശൂർ റെയ്ഞ്ച്, ആംഡ് പോലീസ് ബറ്റാലിയൻ എന്നിവിടങ്ങളിൽ ഐ.ജി ആയിരുന്നു. അഡീഷണൽ എക്സൈസ് കമ്മീഷണറായും കേരള പോലീസ് അക്കാദമി ഡയറക്ടറായും പ്രവർത്തിച്ചു.

എ.ഡി.ജി.പിയായി സ്ഥാനക്കയറ്റം ലഭിച്ചശേഷം പോലീസ് ആസ്ഥാനം, വിജിലൻസ്, ക്രൈംബ്രാഞ്ച്, ഉത്തരമേഖല, ക്രമസമാധാനം എന്നീ മേഖലകളിലും കേരള പോലീസ് അക്കാദമി ഡയറക്ടർ, ജയിൽ മേധാവി എന്നീ നിലകളിലും പ്രവർത്തിച്ചു.

സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ, സൈബർ പട്രോൾ, സൈബർ ഡോം എന്നിങ്ങനെ പല മേഖലകളിലായിരുന്ന സംസ്ഥാന പൊലീസിലെ സൈബർ യൂണിറ്റുകളെ 2024ന്റെ തുടക്കത്തിൽ സൈബർ ഡിവിഷൻ രൂപീകരിച്ചു ഒരു കുടക്കീഴിലാക്കിയതും മയക്കുമരുന്നിന് എതിരെയുള്ള സംസ്ഥാന പോലീസിന്റെ ഏറ്റവും ഫലപ്രദമായ ഓപ്പറേഷൻ ഡി ഹണ്ടിന് തുടക്കം കുറിച്ചതും പോലീസ് സേനയുടെ പ്രവർത്തനത്തിലെ സുതാര്യത വർധിപ്പിക്കാനായി ഘടനാപരമായ മാറ്റങ്ങൾക്കു നേതൃത്വം നൽകിയതുമുൾപ്പെടെ അദ്ദേഹത്തിന്റെ സംഭാവനകൾ വിപുലമാണ്.

വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പോലീസ് മെഡലും സ്തുത്യർഹസേവനത്തിന് 2007 ൽ ഇന്ത്യൻ പോലീസ് മെഡലും ലഭിച്ചു. അതി ഉത്കൃഷ്ടസേവാ പഥക്, യുണൈറ്റഡ് നേഷൻസ് പീസ് കീപ്പിങ് മെഡൽ എന്നിവ നേടിയിട്ടുണ്ട്.

ഷെയ്ഖ് ഫരീദാ ഫാത്തിമയാണ് ഭാര്യ. ഡോ. ഷെയ്ഖ് അയിഷാ ആലിയ, ഷെയ്ഖ് ഫറാസ് മുഹമ്മദ് എന്നിവരാണ് മക്കൾ. മരുമകൻ മുഹമ്മദ് ഇഫ്ത്തേക്കർ.

****************


IPS
शेख दरवेश साहेब
S. DARVESH SAHEB